"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതു വിദ്യാഭ്യാസം-സ്പെഷ്യൽ കാഷൽ ലീവ് മൂലം ഉണ്ടാകുന്ന ഒഴിവിൽ പകരം അദ്ധ്യാപകരെ ദിവസവേതനത്തിൽ നിയമിക്കുന്നതിനു അനുമതി നല്കി ഉത്തരവാകുന്നു.

---

പൊതു വിദ്യാഭ്യാസ(ജെ) വകുപ്പ്

സ.ഉ.(കൈ) നം.71/2019/പൊ.വി.വ   തീയതി,തിരുവനന്തപുരം, 25/06/2019

---

## ഉത്തരവ്

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ആറ് മാസം വരെയുള്ള സ്പെഷ്യൽ കാഷൽ ലീവിൽ പകരം അദ്ധ്യാപകരെ നിയമിക്കാൻ അനുവാദമില്ലാത്ത സാഹചര്യം കുട്ടികളുടെ അദ്ധ്യയനത്തെ പ്രതികൂലമായി ബാധിക്കുന്നുവെന്നും അതിനാൽ സ്പെഷ്യൽ കാഷൽ ലീവ് ഒഴിവുകളിൽ പകരം അദ്ധ്യാപകരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അനുവാദം നൽകണമെന്നും ആവശ്യമുയർന്നിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പൊതുവിദ്യാലയങ്ങളിൽ ഒരു മാസത്തിൽ കൂടുതലും എന്നാൽ ഒരു വർഷത്തിൽ കുറവുള്ളതുമായ അവധി ഒഴിവുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കാൻ അനുവാദം നൽ കിയിട്ടുണ്ട്. എന്നാൽ ഗുരുതരമായ രോഗബാധിതർക്ക് 180 ദിവസം വരെ അനുവദിക്കുന്ന സ്പെഷ്യൽ കാഷൽ ലീവ് മൂലമുണ്ടാകുന്ന ഒഴിവുകളിൽ നിയമനം നടത്താൻ അനുവാദം നൽകിയിരുന്നില്ല. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിലൂടെ പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള അധ്യയന പ്രവർത്തനങ്ങൾ നടക്കുമ്പോൾ ഇപ്രകാരം അനുവാദം നൽകാതിരിക്കുന്നത് ഗുരുതരമായ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. അതിനാൽ സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ഒരു മാസത്തിൽ കൂടുതലുള്ള സ്പെഷ്യൽ കാഷൽ ലീവ് മൂലമുണ്ടാകുന്ന ഒഴിവുകളിൽ കെ . ഇ . ആർ ലെ ചട്ടങ്ങൾക്ക് വിധേയമായും ദിവസവേതനാടിസ്ഥാനത്തിലുള്ള നിയമനം സംബന്ധിച്ച് പൊതു വിദ്യാഭ്യാസ , ധന വകുപ്പുകൾ അതതു കാലം പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്കനുസൃതമായും ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് അനുവാദം നൽകി ഉത്തരവാകുന്നു.

**File No.GEDN-J2/272/2018-G.EDN**

ഈ ഉത്തരവിന് 2018-19 അദ്ധ്യയന വർഷം മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ANIL KUMAR S.V.
ഡെപ്യൂട്ടി സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

എല്ലാവിദ്യാഭ്യാസഉപ ഡയറക്ടർമാർക്കും,ജില്ലാ/ഉപജില്ലാവിദ്യാഭ്യാസ ഓഫീസർമാർക്കും(പൊതു

വിദ്യാഭ്യാസ ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ,(ആഡിറ്റ്), കേരള, തിരുവനന്തപുരം

ധനവകുപ്പ്(റഫ: 19/02/2019-ലെ EDN-A2/363/2018/FIN)

എക്സിക്യൂട്ടീവ് ഡയറക്ടർ,ഐ.റ്റി @സ്കൂൾ, തിരുവനന്തപുരം(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് &ന്യൂ മീഡിയ) / (പ്രസ്സ് റിലീസ്) വകുപ്പ്

പൊതു വിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും, സെക്ഷനുകൾക്കും

കരുതൽ ഫയൽ / ഓഫീസ് കോപ്പി

പകർപ്പ്

ബഹു.പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പി.എക്ക്

വിദ്യാഭ്യാസ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ